## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 201 — 10.12.2012 -ൽ മറുപടിയ്ക്ക്

# കാവുകളുടെ പരിസ്ഥിതി പ്രധാന്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശി | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| എ) കേരളത്തിൽ എത്ര കാവുകൾ ഉണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള പേര് വിവരം നൽകാമോ; | എ) കേരളത്തിൽ ചെറുതും വലുതുമായ ആയിരത്തിലേറെ കാവുകൾ ഉണ്ട് എന്ന് കണക്കാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ടവ 430 എണ്ണമുണ്ടെന്നാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള കാവുകളുടെ വിവരം ചുവടെ ചേർക്കുന്നു. |

| നമ്പർ | ജില്ല | കാവുകളുടെ എണ്ണം |
|---|---|---|
| 1 | ആലപ്പുഴ | 56 |
| 2 | എറണാകുളം | 11 |
| 3 | ഇടുക്കി | 3 |
| 4 | കണ്ണൂർ | 54 |
| 5 | കാസർഗോഡ് | 60 |
| 6 | കൊല്ലം | 61 |
| 7 | കോട്ടയം | 10 |
| 8 | കോഴിക്കോട് | 23 |
| 9 | മലപ്പുറം | 18 |
| 10 | പാലക്കാട് | 3 |
| 11 | പത്തനംതിട്ട | 10 |
| 12 | തൃശ്ശൂർ | 18 |
| 13 | തിരുവനന്തപുരം | 42 |
| 14 | വയനാട് | 61 |
| | ആകെ | 430 |

| | | | |
|---|---|---|---|
| ബി) | കാവുകളുടെ പരിസ്ഥിതി പ്രാധാന്യം കണക്കി ലെടുത്ത് ഇവ സംരക്ഷിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | ബി) | കാവുകളുടെ പാരിസ്ഥിതിക പൈതൃക സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കി ലെടുത്ത് അവയുടെ സംരക്ഷണത്തിനും പരിരക്ഷണത്തിനുമായി വനം വകുപ്പ് താഴെപറയുന്ന രണ്ടു പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.<br>1. വിസ്തൃതിയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന വലിയ കാവുകൾക്ക് ദീർഘകാല സംരക്ഷണത്തിനായി തയ്യാറാക്കിയ ശാസ്ത്രീയ പ്ലാൻ പ്രകാരം സാമ്പത്തിക സഹായം നൽകിവരുന്നു. പ്രാരംഭത്തിൽ 20000 രൂപയും അതു വിനിയോഗിച്ച ശേഷം ബാക്കി തുക രണ്ടു ഗഡുക്കളായി നല്കി വരുന്നു.<br>2. തെരഞ്ഞെടുക്കുന്ന ചെറിയ കാവുകൾക്ക് പ്രത്യേക പ്രവർത്തനങ്ങൾക്കായി ഒറ്റത്തവണ മാത്രം സാമ്പത്തിക സഹായം നൽകിവരുന്നു. പരമാവധി ഓരോ കാവിനും 10,000 രൂപയാണ് നൽകുന്നത്. |
| **സി)** | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാവുകളുടെ സംരക്ഷണത്തിനായി കേന്ദ്ര സഹായത്തോടെ ആരംഭിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിവരിക്കാമോ? | **സി)** | കേന്ദ്ര സഹായത്തോടെ പുതുതായി പദ്ധതികളൊന്നും ആരംഭിച്ചിട്ടില്ല. എന്നാൽ ഇന്റൻസിഫിക്കേഷൻ ഓഫ് ഫോറസ്റ്റ് മാനേജ്മെന്റ് 75% കേന്ദ്രസഹായത്തോടെയുള്ള പദ്ധതി ഇപ്പോഴും നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ